വിവരാവകാശം/മറുപടി

നം. D1-13615/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 29.11.2018.
Email - swdkerala@gmail.com
Phone : 0471 - 2306040

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
അപ്പീൽ അധികാരി/അഡീഷണൽ ഡയറക്ടർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ,
തിരുവനന്തപുരം.

ശ്രീ. ദിലീപ് കുമാർ കെ.,
ദിലീഷ് ഭവൻ,
ഏറത്തുകുളക്കട, കുളക്കട പി.ഒ. - 691 521,
കൊട്ടാരക്കര.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപ്പീൽ അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 23.11.2018 തീയതിയിലെ ശ്രീ. കെ. ദിലീപ് കുമാറിന്റെ അപ്പീൽ അപേക്ഷ.

വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ 28.06.2018 തീയതിയിൽ നൽകിയ പരാതിയിൽ കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ടി കാര്യാലയത്തിൽ നിന്നും അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ പരാതിക്കടിസ്ഥാനമായ വാക്ക് തർക്കത്തിന്റെ പേരിൽ കുളക്കട പഞ്ചായത്തിലെ കാവടി എന്ന സ്ഥലത്തെ KSBC-ന്റെ SH No. 2022- ലെ ഒരു ജീവനക്കാരനെ ജോലിയിൽ നിന്നും പിരിച്ച് വിടുകയും മറ്റൊരാൾക്ക് താക്കീത് നൽകിയതായും അറിയാൻ കഴിഞ്ഞു. പരാതിക്കാരനെ ഹിയറിംഗ് നടത്തിയിട്ടുണ്ടോ എന്നും, പരാതിക്കാരന് ഇപ്പോഴും ജീവന് ഭീഷണിയുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്നും പരിശോധിച്ച് റിപ്പോർട്ട് നൽകുവാനായി വിശദമായ മറ്റൊരു അന്വേഷണം കൂടി നടത്തുവാൻ കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിന് പേജ് ഒന്നിന് രണ്ടു രൂപ നിരക്കിൽ 15 പേജുകളുടെ പകർപ്പിന് 30/- രൂപ (മുപ്പത് രൂപ മാത്രം) 0070-60-118-99-Receipts under RTI Act-2005 എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ ഹാജരാക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
അപ്പീൽ അധികാരി/അഡീഷണൽ ഡയറക്ടർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്.

AN